(ഇ) മെഡിക്കൽ-എഞ്ചിനീയറിംഗ് അഡ്മിഷന് പിന്നോക്ക വിഭാഗങ്ങളുടെ വരുമാന പരിധി നിശ്ചയിച്ചതെന്നാണ്;

(എഫ്) ഏറ്റവും ഒടുവിൽ നടന്ന ശമ്പള പരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ ഈ തുക പുതുക്കിയോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ജി) ഇതുമൂലം പിന്നോക്ക വിഭാഗക്കാരായ സർക്കാർ ജീവനക്കാരിൽ താഴത്തെ ഗ്രേഡിലുള്ളവരുടെ മക്കൾക്കുപോലും സംവരണാനുകൂല്യം കിട്ടാതെ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന് എപ്രകാരം പരിഹാരം കാണാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 42,000 രൂപയിൽ താഴെ.

(ബി) ഉണ്ട്.

(സി)&(ഡി) ഗവൺമെന്റ് ഉത്തരവിൽ 42000 രൂപ എന്നും പ്രോസ്പെക്ടസിൽ 42000 രൂപയിൽ താഴെ എന്നുമാണ്.

(ഇ) 42000 രൂപയായി പുതുക്കി നിശ്ചയിച്ചത് 29-9-94-ൽ ലാണ്.

(എഫ്) ഇല്ല. വരുമാന പരിധി പുതുക്കുന്നതിനുള്ള നടപടികൾ പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പാണ് സ്വീകരിക്കേണ്ടത്. ഇക്കാര്യത്തിൽ അവസാനതീരുമാനമായിട്ടില്ല.

(ജി) ഇല്ല. കെ.പി.സി.ആർ. ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി പുതുക്കി നിശ്ചയിക്കുന്നതുവരെ കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരുടെ കാര്യത്തിൽ പ്രസ്തുത ആനുകൂല്യങ്ങൾക്കായി വരുമാനപരിധി നിശ്ചയിക്കുന്നത് ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള ശമ്പളത്തെ അടിസ്ഥാനമാക്കി ആയിരിക്കണമെന്നും അങ്ങനെ വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേതന സർട്ടിഫിക്കറ്റ് നൽകുന്നത് ശമ്പളം പുതുക്കി നിശ്ചയിച്ചില്ലായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളത്തെ അടിസ്ഥാനമാക്കിയായിരിക്കണമെന്നും നിശ്ചയിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

27 (*113) പൊതുവിദ്യാഭ്യാസ സമ്പ്രദായം

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസം പന്ത്രണ്ട് വർഷം എന്നുള്ള പൊതുനയം സംസ്ഥാനസർക്കാർ അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) അംഗീകൃത അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ പ്ലസ് ടു കോഴ്സുകൾ നൽകാതിരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്ലസ് ടൂ സ്കൂളുകൾ നൽകുന്നതിന് ഗവൺമെന്റ് വിവേചനം കാണിച്ചു എന്ന ആക്ഷേപം ഏതെങ്കിലും കോർപ്പറേറ്റ് ഏജൻസിയോ സമുദായ സംഘടനകളോ വ്യക്തികളോ ഉന്നയിച്ചിട്ടുണ്ടോ;

(ഇ) ഇങ്ങനെയുള്ള എന്തെങ്കിലും ആക്ഷേപം പത്രങ്ങളിൽ വന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ഇല്ല.

10-ാം ക്ലാസ്സ് പാസ്സാകുന്ന എല്ലാ കുട്ടികളും പ്ലസ് ടൂവിലേയ്ക്ക് വരുന്നില്ല. ആയതിനാൽ എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടൂ അനുവദിക്കേണ്ട ആവശ്യമില്ല.

(സി) നയപരമായ തീരുമാനം ആവശ്യമാണ്.

(ഡി)&(ഇ) പ്ലസ്ടൂ സ്കൂളുകൾ നൽകിയതിൽ ആനുപാതിക പ്രാതിനിധ്യം പാലിക്കപ്പെട്ടിട്ടില്ലെന്ന പരാതി ചില സമുദായ സംഘടനകൾ ഉന്നയിച്ചിരുന്നു. ഈ പരാതി അടിസ്ഥാനമുള്ളതല്ല. പ്രീഡിഗ്രി പരിപൂർണ്ണമായി ഡീലിംഗു ചെയ്താൽ മാത്രമേ പരാതികൾ നീക്കാൻ സാധിക്കൂ.

28 (*114) റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം

ശ്രീ. എം.എ. തോമസ് :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനും നിർമ്മാണത്തിനുമായി സ്വകാര്യ മേഖലയുടെ പങ്കാളിത്തം ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണവും വികസനവും സ്വാകാര്യമേഖലയ്ക്ക് നൽകുന്ന പക്ഷം ഇതിനാവശ്യമായ റിഭവസമാഹരണം എപ്രകാരം നടത്തുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ബോണ്ടുകൾ ഇറക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഏതൊക്കെ റോഡുകളും പാലങ്ങളുമാണ് പുതുക്കി പണിയേണ്ടതോ വീതി കൂട്ടേണ്ടതോ ആയിട്ടുള്ളതെന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly